**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2673** **13-12-2022 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ ക്ഷേമ പെൻഷൻ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ എത്രപേർക്കാണ് കേരളത്തിൽ വിവിധ സാമൂഹ്യ ക്ഷേമ പെൻഷനുകൾ നൽകിയിരുന്നത്; കണക്കുകൾ വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 4,985,861 സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളും വിവിധ ക്ഷേമനിധി ബോർഡുകളിലായി 1,017,169 പെൻഷൻ ഗുണഭോക്താക്കളുമാണ് ഉണ്ടായിരുന്നത്. ഇതിൽ അർഹതയുള്ള 4,772,279 സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾക്കും വിവിധ ക്ഷേമനിധി ബോർഡുകളിലായി 1,017,169 പെൻഷൻ ഗുണഭോക്താക്കൾക്കും പെൻഷൻ നൽകിയിരുന്നു. ഇതുകൂടാതെ സാംസ്കാരിക വകുപ്പ് മുഖേന 3265 ഗുണഭോക്താക്കൾക്കും, കായിക യുവജനക്ഷേമ വകുപ്പ് മുഖേന 1471 ഗുണഭോക്താക്കൾക്കും പെൻഷൻ ലഭിച്ചിരുന്നു. |
| (ബി) | അർഹരായ കുറെ പേരെ വിവിധ പെൻഷൻ പദ്ധതികളിൽ നിന്നും ഒഴിവാക്കിയ പരാതികൾ ശ്രദ്ധയിയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഓരോ പെൻഷൻ സ്കീമിന്റെ പേരും ഒഴിവാക്കപ്പെട്ടവരുടെ എണ്ണവും വെളിപ്പെടുത്തുമോ; | (ബി) | മാനദണ്ഡങ്ങൾ പ്രകാരം അർഹരായ ആരെയും പെൻഷൻ പദ്ധതികളിൽ നിന്നും ഒഴിവാക്കിയിട്ടില്ല. |
| (സി) | ഇപ്പോൾ വിവിധ സാമൂഹ്യ പെൻഷനുകൾ ലഭിക്കുന്ന വ്യക്തികളുടെ കണക്കുകൾ അറിയിക്കാമോ? | (സി) | സംസ്ഥാനത്ത് 52,36,947 സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളും, സർക്കാർ നൽകുന്ന ധനസഹായമുപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന 16 ക്ഷേമനിധി ബോർഡുകളിലായി 7,36,999 ഗുണഭോക്താക്കളുമാണുള്ളത്. ഇതിൽ അർഹതയുള്ള 5,066,136 സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾക്കും, സർക്കാർ നൽകുന്ന ധനസഹായമുപയോഗിച്ച് പെൻഷൻ വിതരണം ചെയ്യുന്ന 16 ക്ഷേമനിധി ബോർഡുകളിലെ 672,827 ഗുണഭോക്താക്കൾക്കുമാണ് 2022 നവംബർ മാസത്തെ പെൻഷൻ അനുവദിച്ചിട്ടുള്ളത്. ഇതു കൂടാതെ തനതു ഫണ്ടുപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന ക്ഷേമനിധി ബോർഡു |

| | | | |
|---|---|---|---|
| | | | പെൻഷനുകൾ ലഭിക്കുന്ന 5,03,383 ഗുണഭോക്താക്കളുമുണ്ട്.<br><br>സാംസ്കാരിക വകുപ്പ് മുഖേനയുള്ള കലാകാര പെൻഷൻ 2675 പേർക്കും അവശ കലാകാര പെൻഷൻ 220 പേർക്കും അനുവദിച്ചിട്ടുണ്ട്. കായിക യുവജനക്ഷേമ വകുപ്പ് മുഖേനയുള്ള സർക്കസ് പെൻഷൻ 1323 പേർക്കും, അവശ കായികതാര പെൻഷൻ 117 പേർക്കും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ